**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** — **07-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട്- കൊല്ലഗൽ ദേശീയപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എൻ.എച്ച്. 766 കോഴിക്കോട്-കൊല്ലഗൽ ദേശീയപാത വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് കൊല്ലഗൽ ദേശീയപാത 766 ന്റെ ഭാഗമായ കോഴിക്കോട് മുതൽ സംസ്ഥാന അതിർത്തിയായ മുത്തങ്ങ വരെയുള്ള ഭാഗം പേവ്ഡ് ഷോൽഡറോട്ടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | മലാപ്പറമ്പ്-പുതുപ്പാടി റീച്ചിൽ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | മലാപ്പറമ്പ് മുതൽ പുതുപ്പാടി വരെയുള്ള ഭാഗത്തിന്റെ പദ്ധതി രൂപരേഖ M/s Mukesh Associates, Salem എന്ന Consultancy ആണ് തയ്യാറാക്കുന്നത്. പ്രസ്തുത ഭാഗത്തിന്റെ alignment -ന് MoRTH ൽ നിന്നും In principle Approval ലഭിക്കുകയും ആയതിന്റെ final alignment 16-09-2021 ന് public consultation നടത്തുകയുമുണ്ടായി. അതിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി final alignment സമർപ്പിക്കുവാൻ consultancy-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തിനോടൊപ്പം കൊടുവള്ളി, താമരശ്ശേരി ബൈപ്പാസുകൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | പുതുപ്പാടി-മുത്തങ്ങ റീച്ചിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പുതുപ്പാടി മുതൽ മുത്തങ്ങവരെയുള്ള ഭാഗത്തിന്റെ Final Alignment -ന് MoRTH - ൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. CALA നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | അടിവാരം-ഏഴാം വളവ് ബദൽപാത പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അടിവാരം - ഏഴാംവളവ് ബദൽ പാത പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ